## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2489**

**18.06.2014** ൽ മറുപടിക്ക്

### ജലസേചന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വികസനാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. കെ. ദാസൻ | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|
| (എ) കൊയിലാണ്ടിയിൽ മന്ദമംഗലം ബീച്ചിൽ റീസർവ്വെ 26/10 ൽപ്പെട്ട ജലസേചന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വികസനാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് ലഭിച്ച അപേക്ഷയിലെ തുടർനടപടികൾ വിശദമാക്കുമോ;<br>(ബി) ഈ സ്ഥലത്തിന്റെ അളവെടുപ്പും മറ്റു നടപടികളും പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | കൊയിലാണ്ടി മന്ദമംഗലം ദേശത്ത് റീസർവ്വേ നം. 26/10 ൽ പെട്ട ജലസേചന വകുപ്പിന്റെ അധീനതയിലുള്ള 38.58 സെന്റ് സ്ഥലം കൈയ്യേറ്റം തടഞ്ഞ് ഉപയോഗിക്കുന്നതിനു വേണ്ടി അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള റവന്യൂതല നടപടികൾക്ക് വകുപ്പ് തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത കാര്യത്തിൽ ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) സ്ഥലം അളന്ന് തിട്ടപ്പെടുത്തിയതിനു ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാനാകൂ. |

സെക്ഷൻ ഓഫീസർ